"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ്- മട്ടന്നൂർ നഗരസഭയിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.സുജിത് കുമാർ.എഫ്.ജെ., ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ. നം. 1668/2022 കേസിലെ 27.09.2022 തീയതിയിലെ വിധിന്യായം -നടപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.10/2023/LSGD തീയതി,തിരുവനന്തപുരം, 03-01-2023

---

പരാമർശം:-

1. മട്ടന്നൂർ നഗരസഭയിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.സുജിത് കുമാർ.എഫ്.ജെ., സമർപ്പിച്ച 19.09.2022 തീയതിയിലെ അപ്പീൽ അപേക്ഷ (അനക്ഷർ എ5)
2. ശ്രീ.സുജിത് കുമാർ.എഫ്.ജെ., ബഹു: കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത ഒ.എ. നം. 1668/2022 കേസിലെ 27.09.2022 തീയതിയിലെ വിധിന്യായം.
3. നഗരകാര്യ ഡയറക്ടറുടെ 10.11.2022 തീയതിയിലെ ഡിയുഎ/9615/2022-ഇ3 നമ്പർ കത്ത്.

**ഉത്തരവ്**

മുനിസിപ്പൽ കോമൺ സർവ്വീസിൽ, മട്ടന്നൂർ നഗരസഭയിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. സുജിത്കുമാർ.എഫ്.ജെ., മട്ടന്നൂർ നഗരസഭയിലേക്ക് ടിയാനെ സ്ഥലം മാറ്റി നിയമിച്ച നഗരകാര്യഡയറക്ടറുടെ 27.08.2022-ലെ DUA/8283/2022-E3 നമ്പർ പൊതു സ്ഥലം മാറ്റ ഉത്തരവിനെതിരെ പരാമർശം (1) പ്രകാരം സർക്കാരിൽ അപ്പീൽ സമർപ്പിച്ചിരുന്നു. ഇതേ ആവശ്യവുമായി ടിയാൻ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ. നം. 1668/2022 കേസിലെ 27.09.2022 തീയതിയിലെ വിധിന്യായം പ്രകാരം, അപേക്ഷകൻ ഫയൽ ചെയ്ത അനക്ഷർ എ5 അപ്പീൽ സർക്കാർ പരിശോധിച്ച്, ഉത്തരവിന്റെ പകർപ്പ് ലഭിച്ച തീയതിമുതൽ 6 ആഴ്ചയ്ക്കുള്ളിൽ ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് നിർദ്ദേശിക്കുകയുണ്ടായി.

2. ശ്രീ. സുജിത്കുമാർ.എഫ്.ജെ., സർക്കാരിൽ സമർപ്പിച്ച അപ്പീൽ അപേക്ഷ പ്രകാരം, കൊല്ലം ജില്ലയിൽ താമസക്കാരനായ ടിയാൻ, നഗരകാര്യ ഡയറക്ടറുടെയും മട്ടന്നൂർ നഗരസഭ സെക്രട്ടറിയുടെയും ഉത്തരവുകളുടെ അടിസ്ഥാനത്തിൽ 24.12.2011 ൽ കണ്ണൂർ ജില്ലയിലെ മട്ടന്നൂർ നഗരസഭയിൽ എൽ.ഡി.ക്ലാർക്കായി ജോലിയിൽ പ്രവേശിച്ചതായും, തുടർന്ന് 31.10.2012 ൽ ഡെപ്യൂട്ടേഷൻ ലഭിച്ച് 01.11.2012 മുതൽ 31.10.2016 വരെ കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിന്റെ കൊല്ലം ജില്ലാ ഓഫീസിൽ ജോലി ചെയ്തതായും, 01.11.2016 ൽ ഡെപ്യൂട്ടേഷൻ അവസാനിച്ചതിനെ തുടർന്ന് കണ്ണൂർ ജില്ലയിലെ കൂത്തുപറമ്പ

നഗരസഭയിൽ ജോലിയിൽ പ്രവേശിക്കുകയും 02.05.2018 ൽ വീണ്ടും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ആലപ്പുഴ മേഖലയിൽ ഫിഷറീസ് ഓഫീസറായി പോവുകയും ചെയ്തതായും അറിയിക്കുന്നു. ഡെപ്യൂട്ടേഷൻ കാലയളവിൽ സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് പ്രൊമോഷൻ (14.02.2019ൽ) ലഭിക്കുകയും 31.05.2022 ൽ ഡെപ്യൂട്ടേഷൻ കാലാവധി പൂർത്തിയാവുകയും 01.06.2022 മുതൽ പുനലൂർ നഗരസഭയിൽ താത്കാലികമായി നിയമനം ലഭിക്കുകയും ചെയ്തു. എന്നാൽ പൊതുസ്ഥലംമാറ്റത്തിന്റെ അന്തിമ ഉത്തരവ് ഇറങ്ങിയപ്പോൾ തന്നെ കണ്ണൂർ ജില്ലയിലെ മട്ടന്നൂർ നഗരസഭയിലേക്ക് നിയമിച്ചിരുന്നതായും പൊതുസ്ഥലംമാറ്റ ഉത്തരവിനൊപ്പം ഇറങ്ങിയ എൽ.ഡി.സി. പ്രൊമോഷൻ പട്ടികയിൽ തിരുവനന്തപുരം ജില്ലയിൽ ജോലി നോക്കിയിരുന്നവരെ ചങ്ങനാശ്ശേരിയിലും മറ്റ് അടുത്തുള്ള നഗരസഭകളിലും പ്രൊമോഷൻ നൽകി നിയമിച്ചതായും, ആയത് ചൂണ്ടിക്കാട്ടിക്കൊണ്ട് അടുത്തുള്ള ഏതെങ്കിലും സ്ഥലങ്ങളിൽ നിയമനം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് നഗരസഭാ സെക്രട്ടറി മുഖാന്തിരം അപേക്ഷ സമർപ്പിച്ചിട്ടുള്ളതായും അറിയിക്കുന്നു.

3. കൂടാതെ 2012 മുതൽ 2018 വരെയുള്ള കാലയളവിൽ ഏകദേശം 3 വർഷക്കാലം താൻ കണ്ണൂർ ജില്ലയിൽ ജോലി ചെയ്തതാണ് എന്നും തന്നെക്കാൾ ജൂനിയർ ആയവരെ പ്രൊമോഷൻ നൽകി അടുത്തുള്ള നഗരസഭകളിൽ നിയമിച്ചിട്ടുള്ളതാണെന്നും , അച്ഛനും അമ്മയും ഭാര്യയും കുഞ്ഞുങ്ങളും അടങ്ങിയ തന്റെ കുടുംബത്തിന്റെ സംരക്ഷണത്തിന് തന്റെ സാമീപ്യവും സഹായവും അനിവാര്യമായിരിക്കുന്ന അവസ്ഥയായതിനാൽ മട്ടന്നൂർ നഗരസഭയിൽ ഇപ്പോൾ നൽകിയിരിക്കുന്ന നിയമനം പുനഃപരിശോധിച്ച് കൊല്ലം ജില്ലയിൽ നിലവിലുള്ള ഒഴിവുകളിലേക്കോ അല്ലാത്ത പക്ഷം സമീപ ജില്ലകളിലെ ഏതെങ്കിലും ഒഴിവുകളിലേക്കോ നിയമനം നൽകണമെന്നും ശ്രീ.സുജിത്കുമാർ.എഫ്.ജെ. അപേക്ഷിക്കുന്നു.

4. ഇക്കാര്യത്തിൽ നഗരകാര്യഡയറക്ടറുടെ പരാമർശം (3) റിപ്പോർട്ട് പ്രകാരം അന്യത്രസേവന വ്യവസ്ഥയിൽ വിവിധ ബോർഡുകളിൽ സേവനമനുഷ്ഠിച്ചിരുന്ന സീനിയർ ക്ലാർക്ക് ശ്രീ. സുജിത് കുമാർ.എഫ്.ജെ-യെ 31.05.2022-ൽ ടിയാന്റെ അന്യത്രസേവന കാലാവധി അവസാനിച്ചതിനാൽ ടി കാലയളവിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ ഒഴിവുണ്ടായിരുന്ന പുനലൂർ നഗരസഭയിൽ, ജനറൽ ട്രാൻസ്ഫർ സമയത്തു നിയമനം പുനപരിശോധിക്കും എന്ന വ്യവസ്ഥയിൽ, താൽക്കാലികമായി നിയമിച്ചുകൊണ്ട് 04.06.2022-ലെ DUA/4749/2022-E3 നമ്പർ പ്രകാരം ഉത്തരവായിട്ടുള്ളതായും, പൊതു സ്ഥലം മാറ്റ ക്യൂലിസ്റ്റിൽ പുനലൂർ നഗരസഭയിലേക്ക് ജീവനക്കാർ അപേക്ഷ നൽകിയിരുന്നതിന്റെ അടിസ്ഥാനത്തിൽ 27.08.2022-ലെ DUA/8283/2022-E3 നമ്പർ പൊതു സ്ഥലം മാറ്റ ഉത്തരവിൽ ടിയാനെ മട്ടന്നൂർ നഗരസഭയിലേക്ക് സ്ഥലം മാറ്റി നിയമിക്കുകയും ചെയ്തതായും അറിയിക്കുന്നു. പുനലൂർ നഗരസഭയിൽ ക്യൂ ലിസ്റ്റ് നിലവിലുള്ളതിനാലാണ് ടിയാനെ ക്യൂ ലിസ്റ്റ് നിലവിലില്ലാത്ത മട്ടന്നൂർ നഗരസഭയിൽ നിയമിച്ചിട്ടുള്ളത്. അന്യത്രസേവന കാലയളവ് സ്ഥലംമാറ്റത്തിനുവേണ്ടി അർഹതയുള്ള കാലയളവായി പരിഗണിക്കുന്നതല്ല എന്ന് സ.ഉ.(പി) നം.3/2017/ഉഭപവ തീയതി 25.02.2017 നമ്പർ സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. ടിയാന്റെ അപേക്ഷ പ്രകാരമുള്ള കൊല്ലം ജില്ലയിലെ നഗരസഭകളിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ ക്യൂ ലിസ്റ്റ് നിലവിലുള്ളതിനാൽ ടിയാന്റെ അപേക്ഷ പരിഗണിക്കുവാൻ കഴിയുന്നതല്ല എന്ന് നഗരകാര്യഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

5. സർക്കാർ ഇക്കാര്യം ശ്രീ.സുജിത്കുമാർ.എഫ്.ജെ.-യുടെ അനക്ഷർ എ 5 അപേക്ഷയുടേയും നഗരകാര്യഡയറക്ടറുടെ റിപ്പോർട്ടിന്റേയും അടിസ്ഥാനത്തിൽ

പരിശോധിച്ചതിൽ, കൊല്ലം ജില്ലയിൽ താമസക്കാരനായ ശ്രീ.സുജിത്കുമാർ.എഫ്.ജെ. ജില്ലാതലനിയമനം പ്രകാരം, 24.12.2011 ൽ കണ്ണൂർ ജില്ലയിലെ മട്ടന്നൂർ നഗരസഭയിൽ എൽ.ഡി.ക്ലാർക്കായി ജോലിയിൽ പ്രവേശിച്ചിട്ടുള്ളതും, തുടർന്ന് 31.10.2012 ൽ ഡെപ്യൂട്ടേഷൻ ലഭിച്ച് 01.11.2012 മുതൽ 31.10.2016 വരെ കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിന്റെ കൊല്ലം ജില്ലാ ഓഫീസിലും, 02.05.2018മുതൽ 31.05.2022 വരെ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ആലപ്പുഴ മേഖലയിലും അന്യത്രസേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിച്ചിരുന്നതാണ്. അതായത് ജില്ലാതല നിയമനം നേടിയ കണ്ണൂർ ജില്ലയിൽ 24.12.2011 മുതൽ 30.10.2012 വരെയും (10 മാസം 8 ദിവസം) 02.11.2016 മുതൽ 01.05.2018 വരെയും (ഒരു വർഷം 6 മാസം)മാത്രമാണ് സേവനമനുഷ്ഠിച്ചിട്ടുള്ളത്. സേവനകാലയളവിൽ 8 വർഷവും അന്യത്രസേവന വ്യവസ്ഥയിൽ വിവിധ ബോർഡുകളിലായി കൊല്ലം, ആലപ്പുഴ ജില്ലകളിലാണ് സേവനമനുഷ്ഠിച്ചിരുന്നത്. ഡെപ്യൂട്ടേഷൻ കാലയളവിൽ സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് പ്രൊമോഷൻ (14.02.2019ൽ) ലഭിക്കുകയും, ഡെപ്യൂട്ടേഷൻ അവസാനിച്ചപ്പോൾ (31.05.2022ൽ), ജനറൽ ട്രാൻസ്ഫർ സമയത്തു നിയമനം പുനപരിശോധിക്കും എന്ന വ്യവസ്ഥയിൽ നഗരകാര്യഡയറക്ടറുടെ ഉത്തരവ് പ്രകാരം പുനലൂർ നഗരസഭയിൽ ടിയാനെ താൽക്കാലികമായി നിയമിച്ചിരുന്നതുമാണ്. തുടർന്ന് പൊതു സ്ഥലം മാറ്റ ക്യൂലിസ്റ്റിൽ പുനലൂർ നഗരസഭയിലേക്ക് ജീവനക്കാർ അപേക്ഷ നൽകിയിരുന്നതിന്റെ അടിസ്ഥാനത്തിൽ 27.08.2022 പൊതു സ്ഥലം മാറ്റ ഉത്തരവിൽ ടിയാനെ മട്ടന്നൂർ നഗരസഭയിലേക്ക് സ്ഥലം മാറ്റി നിയമിച്ചിരുന്നു. ജില്ലാതലനിയമനം നേടിയ ജില്ലയിൽ 5 വർഷം സേവനമനുഷ്ഠിക്കാതെ പ്രൊമോഷൻ ലഭിച്ചതിന്റെയടിസ്ഥാനത്തിൽ മാത്രം സ്വന്തം ജില്ലയിലോ സമീപജില്ലയിലോ മാറ്റം നൽകണമെന്ന ആവശ്യം പരിഗണിക്കാവുന്നതല്ല.

6. സ.ഉ.(പി) നം.3/2017/ഉഭപവ തീയതി 25.02.2017 നമ്പർ സർക്കാർ ഉത്തരവിലെ വ്യവസ്ഥപ്രകാരം തയ്യാറാക്കിയ ക്യൂലിസ്റ്റ് പ്രകാരമാണ് നഗരസഭകളിൽ പൊതു സ്ഥലം മാറ്റം അനുവദിക്കുന്നത്. ശ്രീ.സുജിത്കുമാർ.എഫ്.ജെ.-യുടെ അപേക്ഷ പ്രകാരമുള്ള കൊല്ലം ജില്ലയിലെ നഗരസഭകളിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ ക്യൂ ലിസ്റ്റ് നിലവിലുള്ളതാണ്. കൂടാതെ അന്യത്രസേവന കാലയളവ് സ്ഥലംമാറ്റത്തിനു വേണ്ടി അർഹതയുള്ള കാലയളവായി പരിഗണിക്കുന്നതല്ല .

7.മേൽ സാഹചര്യത്തിൽ മട്ടന്നൂർ നഗരസഭയിൽ ഇപ്പോൾ നൽകിയിരിക്കുന്ന നിയമനം പുനഃപരിശോധിച്ച് കൊല്ലം ജില്ലയിൽ നിലവിലുള്ള ഒഴിവുകളിലേയ്ക്കോ അല്ലാത്ത പക്ഷം സമീപ ജില്ലകളിലെ ഏതെങ്കിലും ഒഴിവുകളിലേയ്ക്കോ നിയമനം നൽകണമെന്ന ശ്രീ.സുജിത്കുമാർ.എഫ്.ജെ.യുടെ അപ്പീൽ അപേക്ഷയിലെ ആവശ്യം പരിഗണനാർഹമല്ലായെന്നതിനാൽ ആയത് നിരസിച്ച് അപ്പീൽ തീർപ്പാക്കി ഉത്തരവാകുന്നു.

8. മേൽ പ്രകാരം ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒ.എ.നം.1668/2022 കേസിലെ 27.09.2022- തീയതിയിലെ ഉത്തരവിലെ നിർദ്ദേശം നടപ്പിലാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം(ആമുഖകത്ത് സഹിതം)
ശ്രീ.സുജിത്കുമാർ.എഫ്.ജെ., സീനിയർ ക്ലർക്ക്, മട്ടന്നൂർ നഗരസഭ (നഗരകാര്യ ഡയറക്ടർ

മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by Sonu Jacob
Date: 04-01-2023 11:04:14
സെക്ഷൻ ഓഫീസർ